'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. ജ്ഞാനസുന്ദരന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 1,50,040/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം.1067/2019/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 28/05/2019

പരാമർശം:- 1 നെടുംകണ്ടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 7.4.2018ൽ നടന്ന മീറ്റിംഗിലെ 1(5) നമ്പർ തീരുമാനം.

2 നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31/05/2018-ലെ എ2-5758/18 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 19/03/2019 ലെ 25226/2018-ജെ3(ഡിപി) നമ്പർ കത്ത്.

**ഉത്തരവ്**

നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. ജ്ഞാനസുന്ദരന് ഹൃദയസംബന്ധമായ അസുഖത്തെത്തുടർന്ന് കാരിത്താസ് ആശുപത്രിയിൽ ചികിത്സകൾക്കായി ഏകദേശം 3 ലക്ഷത്തോളം രൂപ ചെലവ് വന്ന സാഹചര്യത്തിൽ ടിയാൾക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 1,50,040/-രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന്, പരാമർശം 1 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം 2 പ്രകാരം പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. സാമൂഹ്യസുരക്ഷാമിഷനിലേക്ക് വിഹിതം അടക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്കു മാത്രമേ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ സഹായം ലഭ്യമാക്കുന്നുള്ളൂ എന്നും നിലവിലെ ജനപ്രതിനിധികൾക്ക് ചികിത്സാസഹായം ലഭ്യമാകുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത് പ്രത്യേക കേസായി പരിഗണിച്ച് നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. ജ്ഞാനസുന്ദരന് 1,50,040/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരത്തി നാല്പത് രൂപ) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
ശ്രീ. എസ്. ജ്ഞാനസുന്ദരൻ, നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.
സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ